"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - പത്തനംതിട്ട ജില്ല കോഴഞ്ചേരി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീമതി കെ.സുശീലയുടെ ചികിത്സാർത്ഥം പത്തനംതിട്ട ജില്ല തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെലവായ തുക - പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.295/2026/AYUSH തീയതി,തിരുവനന്തപുരം, 27-05-2026

പരാമർശം:-

1. സ.ഉ.(പി) നം.144/2013/H&FWD തീയതി 22.04.2013.
2. സ.ഉ.(കൈ) നം.184/2017/H&FWD തീയതി 15.12.2017.
3. സ.ഉ.(കൈ) നം.122/2020/ധന തീയതി 23.11.2020.
4. ശ്രീമതി കെ. സുശീല സമർപ്പിച്ച 14.06.2022 ലെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷ.
5. പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) - ടെ 23.02.2026 ലെ DMOH-PTA/838/2026-C3 നം.കത്ത്.
6. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 01.10.2022, 27.04.2026 തീയതികളിലെ DISM/1652/2022-G3 നം.കത്തുകൾ.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ല കോഴഞ്ചേരി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീമതി കെ.സുശീല, ടിയാളുടെ ചികിത്സാർത്ഥം തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ 24.01.2022 മുതൽ 13.06.2022 വരെയുള്ള കാലയളവിൽ ചെലവായ തുക റീഇമ്പേഴ്സ് ചെയ്യുന്നതിനായി പരാമർശം (4) പ്രകാരം സമർപ്പിച്ച മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷ, പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പരിശോധിച്ച് അനുവദനീയമായ തുക 9,436/-രൂപയാണെന്ന് പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ടി തുക അനുവദിച്ച് നൽകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. അപേക്ഷകക്ക് പത്തനംതിട്ട ജില്ല തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും ലഭ്യമായ ചികിത്സ പരാമർശം (1) പ്രകാരം ചികിത്സാ ചെലവുകൾ പ്രതിപൂരണം ചെയ്യുന്നതിന് അർഹമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ല കോഴഞ്ചേരി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീമതി കെ.സുശീല തന്റെ ചികിത്സാർത്ഥം ലഭ്യമാക്കിയ മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് രേഖകളുടെയും, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ശിപാർശയുടേയും, പരാമർശം (2) സർക്കാർ

ഉത്തരവിന്റേയും അടിസ്ഥാനത്തിൽ ടിയാളുടെ പരാമർശം (4) പ്രകാരമുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് അപേക്ഷ പരിഗണിച്ച് പത്തനംതിട്ട ജില്ല തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ 24.01.2022 മുതൽ 13.06.2022 വരെ ചികിത്സക്കായി ചെലവായ 19,812/- രൂപയിൽ പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പരാമർശം (5) പ്രകാരം അനുവദനീയമെന്ന് കണ്ടെത്തിയ തുകയായ 9,436/- രൂപയുടെ 80% തുകയായ 7,549/- രൂപ (ഏഴായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി ഒമ്പത് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

1. ശ്രീമതി കെ.സുശീല, അറ്റൻഡർ, സർക്കാർ ആയുർവേദ ഡിസ്പെൻസറി, കോഴഞ്ചേരി, പത്തനംതിട്ട ജില്ല(ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷയും, ബില്ലുകളും, അനുബന്ധ രേഖകളും സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (HEALTH-G2/924/2024-HEALTH തീയതി 24.12.2024)
5. ധനകാര്യ (ലോൺസ്) വകുപ്പ് (3132232/Loans-L1/139/2025-FIN തീയതി 16.10.2025)
6. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/295/2022-AYUSH)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Baiju G
Date: 29-05-2026 11:20:11

-